കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല- തൃക്കരുവ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കാഞ്ഞാവെളി ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊളിച്ച് മാറ്റുന്നതിന് അനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.948/2019/ തസ്വഭവ തിരുവനന്തപുരം, തീയതി,05.05.2019.

പരാമർശം:- 1.07/08/2017 ലെ സർക്കാർ ഉത്തരവ് (പി) നം.102/17/ധന.

2.തൃക്കരുവ ഗ്രാമ പഞ്ചായത്തിന്റെ 20/10/2017 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ തീരുമാനം നം.19(1)

3. പഞ്ചായത്ത് ഡയറക്ടറുടെ 11/01/2019 ലെ സി1/17836/2018 നമ്പർ കത്ത്.

ഉത്തരവ്

കൊല്ലം ജില്ലയിലെ തൃക്കരുവ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കാഞ്ഞാവെളി മാർക്കറ്റിലെ 22 മുറികളുള്ള അപകടാവസ്ഥയിലായ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊളിച്ച് മാറ്റുന്നതിന് അനുമതി നല്കുന്നതിനായി പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പരാമർശം (3) ലൂടെ പഞ്ചായത്ത് ഡയറക്ടർ സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു. പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള വാല്യേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ടി കെട്ടിടത്തിന്റെ ഉപയോഗയോഗ്യമായ സാമഗ്രികളുടെ വില 3,21,133.27 /- രൂപയും കെട്ടിടത്തിന്റെ വില 23,76,105 /- രൂപയുമാണ്. പഞ്ചായത്തിന്റെ തനതു ഫണ്ടുപയോഗിച്ച് തൃക്കരുവ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കാഞ്ഞാവെളി മാർക്കറ്റിലെ 22 മുറികളുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊളിച്ചുമാറ്റുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ പഞ്ചായത്തിന്റെ തനതു ഫണ്ട് ഉപയോഗിച്ച് തൃക്കരുവ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കാഞ്ഞാവെളി മാർക്കറ്റിലെ 22 മുറികളുള്ള അപകടാവസ്ഥയിലായ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊളിച്ച് മാറ്റുന്നതിന് തൃക്കരുവ ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ ,PWD(Buildings),കൊല്ലം
പ്രസിഡണ്ട് /സെക്രട്ടറി ,തൃക്കരുവ ഗ്രാമ പഞ്ചായത്ത്,കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് , തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒ . എസ് ) വകുപ്പ് , ഡിബി2/258/18
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ